>> കവർസ്റ്റോറി

● ജലീൽ പടന്ന

**വാർത്തകൾ കെട്ടിച്ചമച്ചും വളച്ചൊടിച്ചും യാഥാർഥ്യങ്ങളെ മറച്ചു പിടിക്കാനുള്ള ശ്രമമാണ് ഹുബ്ലി ഭീകരവേട്ടയുടെ മറവിൽ മാധ്യമങ്ങൾ നടത്തിവരുന്നത്. പോലീസ് ഓഫീസർമാർ തന്നെ നിരവധി തവണ മാധ്യമങ്ങളുടെ വാസ്തവ വിരുദ്ധമായ പ്രചാരണങ്ങൾക്കെതിരെ രംഗത്തുവരികയുണ്ടായി. ഹുബ്ലി പോലീസ് കമീഷണർ നാരായൺ നെടുമണി പറഞ്ഞത്, ഭീകരവേട്ട എന്ന സംഭവംതന്നെ മാധ്യമങ്ങളുടെ സൃഷ്ടിയാണ് എന്നാണ്. ഏറക്കുറെ എല്ലാ മാധ്യമങ്ങളും ഒറ്റക്കെട്ടായി നിന്ന് അസത്യങ്ങൾ വിളമ്പാൻ മത്സരിച്ചു എന്നതാണ് ഹുബ്ലി സംഭവത്തെ ശ്രദ്ധേയമാക്കുന്നത്.**

# 'ഹുബ്ലി ഭീകരവേട്ട' ആഘോഷിക്കപ്പെട്ട മാധ്യമ ഭീകരത

**ആടിനെ** പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി എങ്ങനെ അടിച്ചുകൊല്ലാം എന്നതിന്റെ വ്യക്തമായ മാധ്യമ ഡെമോൺസ്ട്രേഷനായിരുന്നു ഹുബ്ലി ഭീകരവേട്ട ആഘോഷമായി കൊണ്ടാടിയ മലയാളത്തിലെ ഒരു പ്രമുഖ പത്രമടക്കമുള്ള ദേശീയ മാധ്യമങ്ങൾ നമുക്ക് കാണിച്ചു തന്നത്.

മതിയായ യാത്രാ രേഖകളില്ലാതെ മോട്ടോർ ബൈക്കിൽ യാത്ര ചെയ്യവെ രണ്ടു മെഡിക്കൽ വിദ്യാർഥികൾ ഹുബ്ലിക്കടുത്ത് ഹൊന്നാലിയിൽ പോലീസ് പിടിയിലാകുന്നതോടുകൂടിയാണ് ഭീകരതാ നാടകത്തിന് തുടക്കമാവുന്നത്. പോലീസ് ഡ്യൂട്ടി നിർവഹിക്കവെ സംഭവം മാധ്യമങ്ങൾ ഏറ്റെടുത്തു. പിന്നീട് അപസർപ്പകകഥകളെ വെല്ലുന്ന വാർത്തകളാണ് പുറത്തുവന്നത്. കർണാടകയിലെ നിലവാരം കുറഞ്ഞ ചില മഞ്ഞപത്രങ്ങളും, സമാന രീതിയിൽ പ്രവർത്തിക്കുന്ന ചില ചാനലുകളും വാർത്തകൾ വളച്ചൊടിച്ചും കെട്ടുകഥകൾ നിരത്തിയും ആഘോഷത്തിന് തുടക്കമിട്ടു. ഉടൻ തന്നെ ദേശീയ മാധ്യമങ്ങളും ഇത് ഏറ്റുപിടിച്ചു. നമ്മുടെ മലയാള പത്രമുത്തശ്ശിമാർക്കും ഒന്നും ആലോചിക്കാനുണ്ടായിരുന്നില്ല. യാതൊരുവിധ അന്വേഷണത്തിനും മുതിരാതെ, കേസ് അന്വേഷിക്കുന്ന പോലീസ് ഓഫീസർമാർ പറയുന്നത് പോലും മുഖവിലക്കെടുക്കാതെ അസത്യങ്ങളുടെ പെരുമഴ വർഷിക്കുകയായിരുന്നു പിന്നീടങ്ങോട്ട്.

ഫെബ്രുവരി 3-ന് *മാതൃഭൂമി*യുടെ സൂപ്പർ ലീഡ് ഇങ്ങനെ: *'കർണാടകവനത്തിൽ തീവ്രവാദി ക്യാമ്പ്:* കർണാടകത്തിൽ സുസജ്ജമായ രീതിയിൽ പ്രവർത്തിച്ചുവന്ന തീവ്രവാദി പരിശീലന കേന്ദ്രം കണ്ടെത്തി. വടക്കൻ കർണാടകത്തിലെ കലഘാട്ടി താലൂക്കിലുള്ള ഉൾവനത്തിൽ പ്രവർത്തിച്ചിരുന്ന ക്യാമ്പിൽ ഇസ്രയേലീ നിർമിത 'ഉസി' സ്ഫോടക ഉപകരണവും ടി.എൻ.ടി, ആർ.ഡി.എക്സ് തുടങ്ങിയ സ്ഫോടക വസ്തുക്കളും പരീക്ഷിക്കപ്പെട്ടതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്.... ഇപ്പോൾ തീവ്രവാദ വിരുദ്ധ സെല്ലിന്റെ കസ്റ്റഡിയിലുള്ള മുഹമ്മദ് ഗോസ്, മുഹമ്മദ് ആസിഫ്, അസദുല്ലാ അബൂബക്കർ എന്നീ വിദ്യാർഥികളെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരമനുസരിച്ചാണ് പോലീസ് കലഘാട്ടി വനമേഖലയിൽ റെയ്ഡ് നടത്തിയത്. ബാംഗ്ലൂരിൽ മെഡിക്കൽ വിദ്യാർഥിയായ മുഹമ്മദ് ഗോസ് എന്ന റിയാസുദ്ദീൻ നസീർ രണ്ടാഴ്ച മുമ്പ് പിടിയിലായതോടെ സംസ്ഥാനത്തെ ഞെട്ടിക്കുന്ന വിവരങ്ങൾ ഓരോ ദിവസമായി പുറത്തുവരികയാണ്...... ഗോസിന്റെ അനുയായിയും മെഡിക്കൽ വിദ്യാർഥിയുമായ ആസിഫ് കഴിഞ്ഞ ദിവസമാണ് പിടിയിലായത്. ഗോസിന് വേണ്ടി കൂടുതൽ പ്രഫഷണൽ വിദ്യാർഥികളെ ജിഹാദി പ്രസ്ഥാനത്തിൽ ചേർക്കുകയായിരുന്നു ആസിഫിന്റെ ജോലി. ഹുബ്ലി-കാർവാർ ദേശീയപാത കടന്നുപോകുന്ന കലഘാട്ടി വനത്തിനുള്ളിലാണ് പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. നൂറോളം വിദ്യാർഥികൾ ഇവിടെ പരിശീലനം നേടി. ലഷ്കർ-ഇ-ത്വയ്ബയുടെ തെക്കേ ഇന്ത്യയിലെ കമാൻഡും നിരോധിക്കപ്പെട്ട സിമിയുടെ സജീവ പ്രവർത്തകനുമാണ് ഗോസ്. ............വനമേഖലയിലെ 'സാതോ സയേദ', 'ഹസ്റത്ത് സയ്യിദ് ദിവാൻ ഷാഹവലി' എന്നീ ദർഗകൾക്ക് കുറച്ചകലെയാണ് പരിശീലന കേന്ദ്രം സ്ഥിതിചെയ്യുന്നത്. വളരെ വിദഗ്ധമായാണ് ഗോസും സംഘവും കലഘാട്ടിയിലെ പരിശീലന കേന്ദ്രം നടത്തിയിരുന്നത്. പത്തോളം മരങ്ങൾ വെടിവെച്ച് പരിശീലിപ്പിക്കാനായി അടയാളപ്പെടുത്തിയിരുന്നു. തെക്കേ ഇന്ത്യയിലെ പല പ്രധാന സ്ഥലങ്ങളും അടയാളപ്പെടുത്തിയ



മഖ്ബറയും തൊട്ടടുത്ത് നാട്ടിയ പച്ചക്കൊടിയും. ഇതാണ് പാകിസ്താന്റെ കൊടിയായി മാധ്യമങ്ങൾ ചിത്രീകരിച്ചത്.

ഭൂപടങ്ങൾ അവിടെനിന്നും ലഭിച്ചിട്ടുണ്ട്.'

വാർത്തയോടൊപ്പം കലഘട്ടി ഉൾവനത്തിൽ പ്രവർത്തിച്ചിരുന്ന തീവ്രവാദി ക്യാമ്പ് എന്ന് അടയാളപ്പെടുത്തി ദർഗയുടെ ഫോട്ടോയും കൊടുത്തിട്ടുണ്ട്. തീർന്നില്ല, ക്യാമ്പിൽ പാക് പതാകയും കണ്ടെത്തിയത്രെ! തൊട്ടടുത്ത ദിവസവും ഇത്തരം 'സ്തോഭജനകമായ' വാർത്തകളാണ് ആ പത്രത്തിൽ വന്നുകൊണ്ടിരുന്നത്. സത്യാവസ്ഥ നേരിട്ട് മനസ്സിലാക്കാൻ ഫെബ്രുവരി 4-ന് രാത്രി തന്നെ ഈ ലേഖകൻ ഹുബ്ലിയിലേക്കു വണ്ടി കയറി. പിറ്റേ ദിവസം രാവിലെ 8 മണിക്ക് ഹുബ്ലിയിലെത്തി. സോളിഡാരിറ്റിയുടെ സജീവ പ്രവർത്തകനായ ഹാരിസ് തസ്ലീമിനോടൊപ്പം കലഘട്ടി വനം ലക്ഷ്യം വെച്ച് യാത്ര തിരിച്ചു. ഹുബ്ലി നഗരത്തിൽനിന്ന് 53 കിലോമീറ്റർ അകലെയാണ് കലഘട്ടി. ദേശീയ പാതയിൽനിന്ന് 4 കിലോമീറ്റർ വനാന്തരത്തിലൂടെ സഞ്ചരിച്ചു കഴിഞ്ഞപ്പോൾ ഹസ്റത്ത് സാത്തോം ശഹീദ് ദർഗയിലെത്തി. ശരിക്കും അദ്ഭുതപ്പെട്ടുപോയി. കാരണം, ഒരു ദിവസം മുമ്പ് മാത്രം കണ്ടെത്തിയ ലഷ്കറെ ത്വയ്യിബയുടെ തെക്കേ ഇന്ത്യൻ കമാന്ററായ മുഹമ്മദ് ഗോസിന്റെ നേതൃത്വത്തിൽ നടക്കുന്ന തീവ്രവാദി പരിശീലന കേന്ദ്രം ഉന്നത പോലീസ്-രഹസ്യാന്വേഷണ ഉദ്യോഗസ്ഥരുടെയും സൈനികരുടെയും പൂർണ നിയന്ത്രണത്തിൽ വളഞ്ഞ് വെക്കപ്പെട്ട അവസ്ഥയിലായിരിക്കും എന്നു കണക്കുകൂട്ടലിൽ തന്നെയായിരുന്നു അവിടെ എത്തുന്നതു വരെയും! കർണാടക പോലീസിന്റെ സ്വഭാവം കുറച്ചൊക്കെ അറിയാവുന്നതുകൊണ്ട് നേരിയൊരു ആശങ്കയും ഇല്ലാതിരുന്നില്ല. അതുകൊണ്ട് തന്നെ മാധ്യമ പ്രവർത്തകനാണെന്ന് ബോധ്യപ്പെടുത്താനാവശ്യമായ തിരിച്ചറിയൽ കാർഡ് പോക്കറ്റിൽ എടുത്തുവെച്ചു എന്ന് ഉറപ്പു വരുത്തിയതിന് ശേഷമായിരുന്നു യാത്ര. ദർഗയുടെ പരിസരത്ത് ഒരു ലോക്കൽ പോലീസുകാരനെപോലും കണ്ടില്ല. കുറച്ച് സന്ദർശകരും ഗ്രാമവാസികളും ദർഗക്കകത്തും പുറത്തുമായുണ്ട്. തലേ ദിവസത്തെ പത്രങ്ങളിൽ പാകിസ്താന്റെ പതാകയെന്ന് എടുത്തു പറഞ്ഞിരുന്ന പച്ച നിറത്തിലുള്ള കൊടി ദർഗക്കു മുകളിൽ പാറിക്കളിക്കുന്നു.

## മൂക്കത്ത് വിരൽ വെച്ച് സ്ഥലവാസികൾ

തൊട്ടടുത്ത് തന്നെയുള്ള മുഹമ്മദ് സയ്യിദിന്റെ വീട്ടിലേക്കാണ് ആദ്യം ചെന്നത്. പുറത്ത് കാൽപെരുമാറ്റം കേട്ടപ്പോൾ മുഹമ്മദ് സയ്യിദ് പുറത്തേക്ക് ഇറങ്ങിവന്നു. കണ്ടപ്പോൾ അപരിചിതത്വം തോന്നിയതിനാലാവാം തൊട്ടടുത്ത വീട്ടിലെ ചെല്ലപ്പയും ഇറങ്ങിവന്നു. പരിചയപ്പെടുത്തിയതിനു ശേഷം സംസാരം തുടങ്ങിയപ്പോഴാണ് തങ്ങളുടെ പ്രദേശത്തെക്കുറിച്ച് ഇത്രയും ഭീകരമായ വാർത്തകൾ പ്രചരിച്ച് കൊണ്ടിരിക്കുന്ന കാര്യം ഇവർ അറിയുന്നതു തന്നെ. കഴിഞ്ഞ ദിവസം ഇവിടെ നിന്നും വൻസ്ഫോടക വസ്തുക്കളും ആയുധങ്ങളും കണ്ടെത്തിയ വാർത്ത ശ്രദ്ധയിൽ പെടുത്തിയപ്പോൾ മുഹമ്മദ് സയ്യിദും ചെല്ലപ്പയും മൂക്കത്ത് വിരൽ വെച്ചുപോയി. അങ്ങനെ ഒരു സംഭവമേ ഇവിടെ നടന്നിട്ടില്ലെന്ന് ഇരുവരും ഒറ്റശ്വാസത്തിൽ പറഞ്ഞു. 'ഇന്നലെ രാവിലെയും ഉച്ച നേരത്തും ഒരു പോലീസ് വാഹനം ഇവിടെ വരെ വന്ന് തിരിച്ചു പോയിരുന്നു. സാധാരണത്തേതിൽനിന്ന് വ്യത്യസ്തമായി ഇന്നലെ മറ്റൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ഈ എഴുതിവെച്ചതൊക്കെയും നുണയാണ്' - അവർ പറഞ്ഞു.

മുഹമ്മദ് സയ്യിദിന്റെ വീട്ടുകാരി ഉണ്ടാക്കിത്തന്ന ചായയും കുടിച്ച് അവിടെനിന്നും ഇറങ്ങിയപ്പോഴാണ് തൊട്ടടുത്ത വീടിന്റെ വരാന്തയിൽ ചുക്കിചുളിഞ്ഞ മുഖവുമായി കോളനിയിലെ ഏറ്റവും പ്രായം കൂടിയ അംഗമായ പാക്കിറമ്മ ഇരിക്കുന്നത് കണ്ടത്. പ്രായം ഇത്രയേറെ ആയെങ്കിലും നന്നായി സംസാരിക്കുന്നു. ദർഗയെക്കുറിച്ച് പുറം ലോകത്ത് പ്രചരിച്ചുകൊണ്ടിരിക്കുന്ന വാർത്തകൾ ശ്രദ്ധയിൽ പെടുത്തിയപ്പോൾ പാക്കിറമ്മയുടെ മുഖത്ത് വല്ലാത്ത അമ്പരപ്പായിരുന്നു. ഇത്രയും കാലമായി ഇവിടെ ജീവിക്കുന്ന ഞാൻ ഇത് വിശ്വസിക്കുന്നേയില്ലെന്ന് പാക്കിറമ്മ തീർത്തു പറഞ്ഞു. ഇവിടെയുള്ള 40 വീടുകളിൽ 25-ഉം ഹിന്ദു വീടുകളാണ്. പശുവിനെ വളർത്തി പാൽ വിൽപന നടത്തി ജീവിക്കുന്ന 'ഗൗളി' വിഭാഗത്തിൽ പെടുന്നവരാണിവർ. രാത്രികാലങ്ങളിൽ പുറത്തു നിന്നുള്ള അപരിചിതർക്ക് ഇവിടെ തങ്ങാനാവില്ല. പാക്കിറമ്മ വിശദീകരിച്ചു.

ദർഗക്ക് അകത്ത് കയറിയപ്പോൾ മുഖ്യപരിചാരകനായ എസ്.ബി മുല്ലക്കും സഹപരിചാരകനായ ഗംഗയ്യക്കും പറയാനുള്ളത് മറിച്ചായിരുന്നില്ല. ഈ ദർഗയിൽനിന്ന് അരകിലോമീറ്റർ ദൂരത്താണ് തീവ്രവാദ പരിശീലനകേന്ദ്രം എന്ന് പത്രങ്ങൾ ഫോട്ടോകൊടുത്ത് പ്രചരിപ്പിച്ച 'ഹസ്റത്ത് സയ്യിദ് ദിവാൻ ശാവലിബാബ ദർഗ.' ഈ ദർഗയിലെത്താൻ വഴിനീളെ മരങ്ങളിൽ പച്ച നിറത്തിലുള്ള 'ആരോ മാർക്' പതിപ്പിച്ചിട്ടുണ്ട്. ഇതാണ് മാധ്യമങ്ങൾക്ക് വെടിവെപ്പ് പരിശീലിക്കാനുള്ള അടയാളങ്ങളായി മാറിയത്!

വാർത്തകൾ കെട്ടിച്ചമച്ചും വളച്ചൊടിച്ചും യാഥാർഥ്യങ്ങളെ മറച്ചു പിടിക്കാനുള്ള ശ്രമമാണ് ഹുബ്ലി ഭീകരവേട്ടയുടെ മറവിൽ മാധ്യമങ്ങൾ നടത്തിവരുന്നത്. പോലീസ് ഓഫീസർമാർ തന്നെ നിരവധി തവണ മാധ്യമങ്ങളുടെ വാസ്തവ വിരുദ്ധമായ പ്രചരണങ്ങൾക്കെതിരെ രംഗത്തു വരികയുണ്ടായി. ഹുബ്ലി പോലീസ് കമീഷണർ നാരായൺ നെടുമണി പറഞ്ഞത്, ഭീകരവേട്ട എന്ന സംഭവംതന്നെ മാധ്യമങ്ങളുടെ സൃഷ്ടിയാണ് എന്നാണ്. ഏറ

ക്കുറെ എല്ലാ മാധ്യമങ്ങളും ഒറ്റക്കെട്ടായി നിന്ന് അസത്യങ്ങൾ വിളമ്പാൻ മത്സരിച്ചു എന്നതാണ് ഹുബ്ലി സംഭവത്തെ ശ്രദ്ധേയമാക്കുന്നത്. സാധാരണ പോലീസിനെയും അന്വേഷണ ഏജൻസികളെയും വാർത്തയുടെ ഉറവിടമായി സ്വീകരിക്കാറുള്ള മാധ്യമങ്ങൾ പക്ഷേ, ഹുബ്ലി ഭീകരത വിഷയത്തിൽ വെറും കെട്ടുകഥകളും ഊഹങ്ങളും ഗോസിപ്പുകളും മാത്രം വിളമ്പുന്ന മഞ്ഞ ടാബ്ലോയിഡുകളെ അതേപടി പകർത്തുകയായിരുന്നു. കണ്ടെത്തിയതായി പറയപ്പെടുന്ന തീവ്രവാദ കേന്ദ്രത്തിൽ നേരിട്ടു ചെന്ന് സത്യമാണെന്ന് ഉറപ്പുവരുത്താൻ ദേശീയ പത്രങ്ങളുടെ പുരുഷ കേസരികളൊന്നും തന്നെ തയാറായില്ല. എൻ.ഡി ടി.വിയുടെ ലേഖികമായാ ശർമ മാത്രമാണ് കലഘട്ടി വനത്തിലെത്തിയത്. തീവ്രവാദി ക്യാമ്പ് കണ്ടെത്തിയെന്ന വാർത്ത തീർത്തും കെട്ടിച്ചമച്ചതാണെന്ന് അവർ തുറന്നു പറയുകയും ചെയ്തു.

### വ്യാജവാർത്തയുടെ ഉറവിടം കന്നട ചാനൽ

കന്നടയിലെ ഒരു സ്വകാര്യ ടി.വി ചാനലാണ് ഈ വ്യാജവാർത്ത ആദ്യം പുറത്തു വിട്ടത്. കുറച്ചു ദിവസത്തിനുശേഷം ഇതേ ചാനൽ വീണ്ടും പുതിയൊരു തീവ്രവാദ പരിശീലന കേന്ദ്രം കൂടി കലഘട്ടി വനത്തിനകത്ത് കണ്ടെത്തിയതായി വാർത്ത നൽകി. നിരവധി വിദേശ നിർമിത ആയുധങ്ങളും വൻ സ്ഫോടകവസ്തുക്കളും കേന്ദ്രത്തിനകത്തു വെച്ച് പിടിച്ചെടുത്തതായും പറഞ്ഞു.

തീവ്രവാദ പരിശീലന കേന്ദ്രം കണ്ടെത്തി എന്ന് ഈ ടി.വി ചാനൽ റിപ്പോർട്ട് കൊടുത്ത അതേ ദിവസം *മാധ്യമ*ത്തിനു വേണ്ടി വാർത്ത ശേഖരിക്കാനെത്തിയ ഈ ലേഖകൻ ഏകദേശം 3 മണിക്കൂർ കലഘട്ടി വനത്തിലുണ്ടായിരുന്നു. എന്നാൽ ഈ പറയുന്ന തരത്തിലുള്ള ഒരുവിധ സംഭവവും അവിടെ ഉണ്ടായിരുന്നില്ല. അന്ന് രാത്രി തന്നെ ഈ റിപ്പോർട്ട് തയാറാക്കിയ ചാനലിന്റെ റിപ്പോർട്ടറെ നേരിൽ കണ്ട് സംസാരിക്കണമെന്ന് കരുതി ചാനൽ ഓഫീസിൽ ചെന്നു. ഓഫീസിന്റെ തൊട്ടുതാഴെ തന്നെ പ്രവർത്തിക്കുന്ന സൈബർ കഫെയിലായിരുന്നു റിപ്പോർട്ടറും ക്യാമറാമാനും അപ്പോൾ. സൈറ്റിൽനിന്നും മുഖംമൂടിയണിഞ്ഞ തീവ്രവാദികളുടെയും ആയുധ കൂമ്പാരങ്ങളുടെയും ഒപ്പം ഏതോ മതിലിൽ പതിപ്പിച്ചിരുന്ന

## കാവിവൽക്കരിക്കപ്പെടുന്ന മാധ്യമങ്ങൾ

**വാർത്തകൾ** പടച്ചുണ്ടാക്കി കൊണ്ടാടുകയെന്നത് ഇന്നൊരു ആഗോള പ്രതിഭാസം തന്നെയാണ്. പപ്പരാസികളും എംബഡഡ് ജേർണലിസ്റ്റുകളും രംഗത്തെത്തിയതോടെ ഇതിന് രൗദ്രഭാവം കൈവന്നു.

ദേശീയ മാധ്യമങ്ങളും ഈ നിലപാടുകളിലേക്ക് പതുക്കെ മാറിത്തുടങ്ങിയതോടെ നിഷ്പക്ഷത, ധാർമികത, നിർഭയത്വം തുടങ്ങി പത്രപ്രവർത്തന രംഗത്ത് മുറുകെ പിടിക്കേണ്ട മൂല്യങ്ങളൊക്കെയും പടികടന്നു. ഒടുവിൽ എത്തിനിൽക്കുന്നത്, സെക്യുലറിസ്റ്റ് മുഖംമൂടിയണിഞ്ഞ ഒരു കൂട്ടം മാധ്യമങ്ങൾ ഹിന്ദുത്വ പ്ലാറ്റ്ഫോമിൽ കയറി നിന്ന് അരങ്ങുവാഴുന്ന കാഴ്ചയിലാണ്. നമ്മുടെ മലയാള മാധ്യമങ്ങളും ഇക്കൂട്ടത്തിലുണ്ട്.

പത്രപ്രവർത്തകരിലും പത്രാധിപന്മാരിലും പത്ര സമീപനങ്ങളിലും തെളിഞ്ഞുകാണുന്ന, മുമ്പുണ്ടായിട്ടില്ലാത്ത വിധമുള്ള സംഘ്പരിവാർ ആഭിമുഖ്യത്തെക്കുറിച്ച് ഏറെ പരിതപിച്ച് *മാതൃഭൂമി* ആഴ്ചപ്പതിപ്പ് സഹപത്രാധിപരായ കമൽറാം സജീവ് 2008 ജനുവരി ലക്കം *പച്ചക്കുതിര* മാസികയിൽ എഴുതിയ ലേഖനത്തിൽ മാതൃഭൂമിയുടെ തന്നെ കാവിവൽക്കരണത്തെ പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട് (*വീക്ഷണവിശേഷം* കാണുക). പല പത്രങ്ങളുടെയും ചാനലുകളുടെയും നിർണായക സ്ഥാനങ്ങളിൽ ജേർണലിസത്തിൽ പ്രാവീണ്യമുള്ള സംഘ്പരിവാറുകാർ കയറിപ്പറ്റുന്നതായി വാർത്തകളുണ്ട്.

ഇന്ത്യകണ്ട ഏറ്റവും വലിയ വംശഹത്യയുടെ നേർസാക്ഷ്യങ്ങൾ ആശിഷ് ഖേത്താൻ എന്ന ധീരനായ പത്രപ്രവർത്തകൻ തെഹൽകയിലൂടെ പുറത്തു കൊണ്ടുവന്ന് ആഴ്ചകൾക്കുള്ളിൽ നരേന്ദ്രമോഡിയുടെ തെരഞ്ഞെടുപ്പ് വിജയത്തെ 'മോടിയോടെ മോഡി' എന്ന വിശേഷണം നൽകി വരവേൽക്കാനും വികസന നയത്തിന്റെ വിജയമാണ് മോഡിയുടേതെന്ന് ന്യായീകരിക്കാനും മലയാളത്തിലെ മുഖ്യധാരാ പത്രങ്ങൾ കാണിച്ച ആവേശത്തിന് പിന്നിലെ അപകടകരമായ ദുസ്സൂചനകളെകുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട് പ്രസ്തുത ലേഖനത്തിൽ. ഇന്ത്യയെ തന്നെ ഗ്രസിക്കാൻ പോകുന്ന ഒരു ഫാസിസ്റ്റ് രാഷ്ട്ര നിർമാണ പ്രക്രിയയുടെ അണിയറ വിജയമായി നരേന്ദ്രമോഡിയുടെ വിജയത്തെ കാണാൻ ശ്രമിക്കാതിരിക്കുന്നതിനെ കുറ്റപ്പെടുത്താനും മടിക്കുന്നില്ല.

ഇവിടെ ഭീകരതയുടെയും തീവ്രവാദത്തിന്റെയുമൊക്കെ പര്യായമായി ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉയർത്തിക്കാണിക്കാൻ മാധ്യമങ്ങൾ കാണിക്കുന്ന ശ്രമം ബോധപൂർവമല്ല എന്ന് നാം തെറ്റിദ്ധരിക്കേണ്ടതില്ല. ഇക്കാര്യത്തിൽ വിരലിലെണ്ണാവുന്നവ ഒഴിച്ച് ഏറക്കുറെ മിക്ക മലയാള പത്രങ്ങളും ഒറ്റക്കെട്ടാണ്. കൂടുതൽ വായിക്കപ്പെടുന്നു എന്നതിനാൽ തന്നെ ഇവരുടെ പ്രചാരണത്തിന് സമൂഹത്തിൽ കൂടുതൽ വേരോട്ടം ലഭിക്കാനും ഇടവരുന്നു.

ദേശീയതലത്തിൽ തന്നെ മാധ്യമങ്ങൾക്കിടയിൽ ഒരു 'ഹിന്ദുത്വ കൂട്ടായ്മ' രൂപപ്പെട്ടു വരുന്നുണ്ട്.എന്നാൽ പലരും അരുൺശൂരിയെ പോലെ നിലപാട് പരസ്യമാക്കുന്നില്ലെങ്കിലും വരികളിലും വരികൾക്കിടയിലും ആശയപ്രചാരണം നിർബാധം തുടരുന്നു. *മാതൃഭൂമി*യുടെയും *മലയാള മനോരമ*യുടെയും സ്ഥിരം കോളമെഴുത്തുകാരായ 'നാഷ്നൽ ഫിഗറുകളിൽ' ഭൂരിഭാഗവും സംഘ്പരിവാർ ആശയങ്ങളുടെ പ്രചാരകരാണെന്നുള്ള വസ്തുത അധികമാർക്കും അറിയില്ല.

'മുസ്‌ലിമിനെ പിടിച്ച് ഇസ്‌ലാമിനെ തകർക്കാനുകുമോ' എന്ന പരീക്ഷണമാണ് കഴിഞ്ഞ കുറച്ചു കാലമായി പല പ്രസിദ്ധീകരണങ്ങളും നടത്തി വരുന്നത്. ഹമീദ് ചേന്ദമംഗല്ലൂരും ഇ.എ ജബ്ബാറുമൊക്കെ നിരന്തരം പേജുകളിലൂടെ കടന്നു വരുന്നത് ഈ പരീക്ഷണത്തിന്റെ ഭാഗമായാണ്. എന്നാൽ ഇത്തരം കൂലിയെഴുത്തുകാർക്ക് മുസ്‌ലിം സമൂഹത്തിലെ ഒരു ശതമാനത്തെപോലും സ്വാധീനിക്കാനാവുന്നില്ല എന്നതാണ് കഴിഞ്ഞകാല അനുഭവം. ■



**ദർഗയിലേക്കുള്ള വഴിയിൽ 'ആരോ മാർക്ക്' പതിച്ചിരിക്കുന്നു. ഇതാണ് മാധ്യമങ്ങൾക്ക് വെടിവെപ്പ് പരിശീലിക്കാനുള്ള അടയാളമായി മാറിയത്!**

ബിൻലാദിന്റെ ഫോട്ടോയുമൊക്കെ ക്യാമറയിൽ പകർത്തുകയായിരുന്നു. നാളെ പൊട്ടിക്കാനുള്ള 'പുതിയ ബോംബ്' തയാറാക്കുകയാണ് അവരെന്ന് ബോധ്യമായി. പണി പൂർത്തിയാക്കി പോകാൻ ഒരുങ്ങുമ്പോൾ ഇരുവരെയും പരിചയപ്പെട്ട് സംസാരിച്ചു തുടങ്ങി. തീവ്രവാദി പരിശീലന കേന്ദ്രം കണ്ടെത്തിയതായി ഇന്നലെ പുറത്തുവിട്ട വാർത്തയെ കുറിച്ചായി ചർച്ച. ഉച്ചക്ക് 2.30–നാണ് ദർഗക്ക് സമീപത്തായി ആർ.ഡി.എക്സ് ഉൾപ്പെടെയുള്ള വൻ സ്ഫോടക വസ്തുക്കളും ആയുധ ശേഖരവും കണ്ടെത്തിയതെന്നും തത്സമയം തങ്ങൾ സ്ഥലത്തുണ്ടായിരുന്നു എന്നും അവർ വാദിച്ചു. ആ സമയങ്ങളിലൊക്കെയും ഞാനും ആ വനത്തിലായിരുന്നുവെന്ന് പറഞ്ഞപ്പോൾ, സമയം മാറ്റിപ്പറയാനായി ശ്രമം. അവരുടെ പരുങ്ങലിൽനിന്നും കാര്യം വ്യക്തമായിരുന്നു. ഇത്തരം ചാനലുകൾ പുറത്തുവിടുന്ന വ്യാജവാർത്തകളാണ് 'വായനയോടൊപ്പം ഒരു സംസ്കാരവും' കൂടി പഠിപ്പിക്കുന്നുവെന്ന് പറയുന്ന പത്രമടക്കം പകർത്തി എഴുതുന്നത്.

'ചോദ്യം ചെയ്യലിൽ ആസിഫ് നൽകിയ വിവരമനുസരിച്ച് ധാർവാർഡ് പോലീസ് ഹോസപതിലെ പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എ അദോനിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മുനീറാബാദ് ഡാം സൈറ്റിൽ ജോലി നോക്കവെ, ആസിഫിനായി അണകെട്ടിന്റെ വിവിധ രൂപരേഖകൾ കൈമാറിയെന്നാണ് അദോനിക്കെതിരെ ചുമത്തിയ കുറ്റം' (*മാതൃഭൂമി* ഓൺലൈൻ 6/2/08). ഒരു ഇംഗ്ലീഷ് പത്രം കൊടുത്ത വാർത്ത വളച്ചൊടിച്ച് കൂടുതൽ ഭീകരമാക്കി കൊടുക്കുകയായിരുന്നു *മാതൃഭൂമി*. യഥാർഥത്തിൽ ഇങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ല. വാർത്ത കണ്ട് ഞെട്ടിയ കെ.എ അദോനി ഇംഗ്ലീഷ് പത്രത്തിനെതിരെ നിയമനടപടിക്കൊരുങ്ങുകയാണ്.

ഇത്തരം കെട്ടുകഥകൾ നിരന്തരം പ്രചരിക്കുമ്പോൾ തന്നെ, തെളിവുകളൊന്നും ലഭിച്ചില്ലെന്ന് പോലീസും പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ ഇത് പ്രസിദ്ധീകരിക്കാതിരിക്കാൻ പ്രത്യേകം ജാഗ്രത കാട്ടി. മാത്രമല്ല, ഇത്തരം പ്രചാരണങ്ങളുടെ പൊള്ളത്തരം നിരന്തരമായി പൊളിച്ചുകൊണ്ടിരുന്ന ഹുബ്ലി ജില്ലാ പോലീസ് കമീഷണർ നാരായൺ നെടുമണിയെ ഒറ്റപ്പെടുത്താനും കഴിവുകെട്ട ഉദ്യോഗസ്ഥനായി ചിത്രീകരിക്കാനും മാധ്യമങ്ങൾ വ്യഗ്രത കാട്ടി. ഇദ്ദേഹത്തെ സസ്പെന്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സംഘ്പരിവാർ ശക്തികൾ പ്രത്യേകം സമരത്തിലേർപ്പെടുകയും ചെയ്തിരുന്നു. ഇതിനും വൻ വാർത്താപ്രാധാന്യമാണ് മാധ്യമങ്ങൾ നൽകിയത്. മാധ്യമങ്ങൾ സംയമനം പാലിക്കണമെന്ന് പോലീസിന് അഭ്യർഥിക്കേണ്ടിവന്ന അനുഭവം ഇതിന് മുമ്പ് രാജ്യത്ത് അധികം ഉണ്ടായിട്ടില്ല. എന്നാൽ ഹുബ്ലി സംഭവത്തിൽ പോലീസ് മേധാവികൾ ഒന്നിലധികം തവണ ഈ രീതിയിൽ പ്രതികരിക്കുകയുണ്ടായി. ഒടുവിൽ, മാധ്യമങ്ങളിൽ വരുന്ന കെട്ടുകഥകൾക്ക് മറുപടി പറയാൻ തങ്ങളില്ലെന്ന് വരെ പോലീസിനു പറയേണ്ടിവന്നു.

പിടിയിലായവർ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടണം എന്നകാര്യത്തിൽ രണ്ടഭിപ്രായമില്ല. എന്നാൽ തെളിവുകൾ ബലപ്പെടാതെ കുറ്റം അടിച്ചേൽപിക്കാൻ കാണിക്കുന്ന അമിതാവേശമാണ് സംശയങ്ങൾക്കിടനൽകുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിയ സമാനമായ ഇത്തരം സംഭവങ്ങളിൽ ഒടുവിൽ എന്താണ് സംഭവിച്ചത് എന്ന് നമുക്കറിയാം. അതുകൊണ്ടു തന്നെ ഇത്തരം വാർത്തകൾ കേട്ടാൽ അത് അപ്പടിതന്നെ വിഴുങ്ങാതിരിക്കാൻ നമുക്ക് ന്യായമുണ്ട്. എം.ബി.ബി.എസ് അവസാന വർഷ വിദ്യാർഥിയായിരുന്ന മുഹമ്മദ് ആസിഫ് പഠിച്ചിരുന്ന കർണാടക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഇദ്ദേഹത്തിന്റെ സഹപാഠികളിൽ ചിലരുമായി സംസാരിക്കാൻ ഈ ലേഖകൻ ശ്രമിച്ചു. തങ്ങൾ സംശയിക്കപ്പെടുമോ എന്ന് ഭയന്ന് എല്ലാവരും വിവിധ കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുകയായിരുന്നു. പോലീസ് പിടികൂടുമ്പോൾ ആസിഫ് താമസിച്ചിരുന്ന 'ആനന്ദ് ഹോസ്റ്റലിൽ' നേരിട്ട് ചെന്നെങ്കിലും പുറത്ത് കാവലിലുണ്ടായിരുന്ന വാച്ച്മാൻ അകത്തേക്ക് കടത്തിവിട്ടില്ല. വിദ്യാർഥികളിൽ ചിലരെ മൊബൈലിൽ വിളിച്ചപ്പോൾ അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു: 'ദയവുചെയ്ത് ഇപ്പോൾ നിങ്ങൾ തിരിച്ച് പോകണം, പോലീസും രഹസ്യാന്വേഷണ വിഭാഗക്കാരും ഓരോ നീക്കങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.' ഒടുവിൽ തൊട്ടടുത്തു തന്നെയുള്ള വനിതാ ഹോസ്റ്റലിൽ താമസിക്കുന്ന ഷിമോഗ സ്വദേശിനിയായ വിദ്യാർഥിനി തന്റെ പേര് വെളിപ്പെടുത്തരുതെന്ന നിബന്ധനയിൽ സംസാരിക്കാൻ തയാറായി. 'മുഹമ്മദ് ആസിഫ് ഉറച്ച മതവിശ്വാസിയും ആരാധനാ കാര്യങ്ങളിലൊക്കെ നിഷ്കർഷ പുലർത്തുന്നവനുമായിരുന്നു. പഠനത്തിൽ ഉന്നത നിലവാരം പുലർത്തി. ഇവനെക്കുറിച്ച് പറഞ്ഞ് കേൾക്കുന്നതൊന്നും ഞാൻ വിശ്വസിക്കുന്നില്ല.'

22 വർഷക്കാലം കിംസിൽ ഓഫീസ് സൂപ്രണ്ടായി ജോലി ചെയ്ത മുഹമ്മദ് ഹാശിം ഷേഖും ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ ഒന്നും തന്നെ വിശ്വസിക്കുന്നില്ല. 15 വർഷം മുമ്പാണ് ഹോസ്റ്റലിൽ മുസ്‌ലിം വിദ്യാർഥികൾക്ക് നമസ്കരിക്കാനായി പ്രത്യേകം മുറി ഒരുക്കിക്കൊടുത്തത്.

വിദ്യാർഥികൾ തന്നെ ആവശ്യപ്പെട്ടതിനെ തുടർന്നായിരുന്നു ഇത്. അവിടെ വിദ്യാർഥികൾ ഖുർആൻ പഠന ക്ലാസുകളും മറ്റും നടത്തുന്നതും പതിവായിരുന്നു. മിക്കവാറും പുറത്തുനിന്നും വരുന്ന തബ്‌ലീഗ് ജമാഅത്ത് പ്രവർത്തകരായിരുന്നു ക്ലാസെടുത്തിരുന്നത്. എന്നാൽ ഇത് പരാതിക്ക് ഇടനൽകിയതിനാൽ ഞാൻ തന്നെ ഇടപെട്ട് പുറത്തുനിന്നും ആരെയും കൊണ്ടുവരരുത് എന്ന് നിർദേശിച്ചിരുന്നുവെന്ന് ഹാശിം ഷേഖ് പറയുന്നു. പിന്നീട് നമസ്കരിക്കാൻ കൂട്ടാക്കാതിരുന്ന ചില മുസ്‌ലിം വിദ്യാർഥികളെ നിർബന്ധം ചെലുത്തി നമസ്കരിപ്പിക്കാൻ ശ്രമിച്ചത് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഇതേ തുടർന്ന് നമസ്കാരസ്ഥലം പ്രിൻസിപ്പൽ ഇടപെട്ട് പൂട്ടുകയും ചെയ്തു. ഇതേ തുടർന്ന് വിദ്യാർഥികൾക്കിടയിൽ മുറുമുറുപ്പും അസ്വസ്ഥതയും ഉണ്ടായിരുന്നു. ഇതൊക്കെയാവാം പുതിയ സംഭവവികാസങ്ങൾക്ക് കാരണമായിട്ടുണ്ടാവുക എന്ന് ഹാശിം ഷേഖ് സംശയിക്കുന്നു.

മുഹമ്മദ് ആസിഫ് തീവ്രവാദിയാണെന്നതിനുള്ള തെളിവായി ഒരു ഇംഗ്ലീഷ് പത്രം ചൂണ്ടിക്കാട്ടിയത്, ഇടക്കിടെ ക്ലാസ് കട്ട് ചെയ്യാറുള്ള ആസിഫ് എന്നാൽ പള്ളിയിൽ പോകുന്നതിൽ ഒരു മുടക്കവും വരുത്താറില്ല എന്നതായിരുന്നു!

## പ്രശ്നമുണ്ടാക്കി മാളത്തിലൊളിക്കുന്നവർ

നിരോധിക്കപ്പെട്ട 'സിമി'യുടെ പ്രവർത്തനം ഈ ഭാഗങ്ങളിൽ നടക്കുന്നതായി രഹസ്യാന്വേഷണ വിഭാഗവും പറയുന്നു. എന്നാൽ നേരത്തെ സിമിയുടെ സജീവ പ്രവർത്തകരായിരുന്ന ചിലർ തീവ്ര നിലപാട് സ്വീകരിക്കുന്ന വേറൊരു സംഘടനയുടെ ബാനറിലാണ് പ്രവർത്തിക്കുന്നത്. വിദ്യാർഥികൾക്കിടയിലും ഇവരുടെ പ്രവർത്തനം സജീവമാണ്. കേരളത്തിലും കർണാടകത്തിലും വ്യത്യസ്ത പേരുകളിലാണ് അറിയപ്പെടുന്നതെങ്കിലും പേരിനകത്ത് ഒളിപ്പിച്ചു വെച്ചിരിക്കുന്ന ആശയങ്ങളിൽ ഏറെ സാമ്യമുണ്ട്. എന്നാൽ പദ്ധതി പാളിപ്പോയാലും പ്രശ്നങ്ങൾ ഉടലെടുത്താലും 'ഡിഫന്റ്' ചെയ്യാൻ ഇവരെ കാണില്ല, പത്തി താഴ്ത്തി മാളത്തിലൊതുങ്ങും, ഒന്ന് പ്രതികരിക്കുക പോലും ചെയ്യാതെ. വിപ്ലവമൊക്കെയും പോസ്റ്ററുകളിൽ എഴുതിതീർക്കുക എന്നതാണ് അജണ്ടകളുടെ പ്രായോഗിക രീതി. ഇവരുടെ സാന്നിധ്യം നിലനിൽക്കുന്നു എന്ന കാരണം കൊണ്ടു തന്നെ ഇത്തരം സംഭവങ്ങൾ വരുമ്പോൾ മുസ്‌ലിം സംഘടനകളും നേതാക്കളും പ്രതികരിക്കാൻ പോലും മടിക്കുന്നു എന്നതും യാഥാർഥ്യമാണ്.

ഹുബ്ലിയിലെ എല്ലാ മുസ്‌ലിം സംഘടനകളെയും പ്രതിനിധീകരിക്കുന്ന അൻജുമൻ ഇസ്‌ലാം സംഘത്തിന്റെ ജനറൽ സെക്രട്ടറിയും മുൻ മന്ത്രിയുമായ അഡ്വ. ജബ്ബാർഖാൻ ഹൊന്നാലിയുടെ പ്രതികരണം തേടിയപ്പോൾ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നതും മറിച്ചായിരുന്നില്ല.

സ്വാതന്ത്ര്യസമര സേനാനിയും മുൻ എം.പിയും ഫോറം ഫോർ ഡെമോക്രസി ആന്റ് കമ്യൂണൽ അമിറ്റി(FDCA)യുടെ കർണാടക ചെയർമാനുമായ ഡോ. പാട്ടീൽ പുട്ടപ്പയുടെ പ്രതികരണം തേടി അശോക നഗറിലുള്ള വസതിയിൽ ചെന്നു. ജമാഅത്തെ ഇസ്‌ലാമി കർണാടക ശൂറാ അംഗം മൗലാനാ അസീബ് മുല്ല സാഹിബും, ഹുബ്ലി-കേരള മുസ്‌ലിം ജമാഅത്ത് സെക്രട്ടറിയും പൊതു പ്രവർത്തകനുമായ എസ്.വി അശ്റഫ് സാഹിബും കൂടെയുണ്ടായിരുന്നു. പാട്ടീൽ പുട്ടപ്പ പ്രതികരിച്ചത് ഇങ്ങനെ: 'കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആരായാലും ശിക്ഷിക്കപ്പെടണം. എന്നാൽ മുസ്‌ലിം ആയി എന്നത് ശിക്ഷിക്കപ്പെടാനുള്ള കാരണമായിക്കൂടാ,. മാധ്യമങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണം മുൻവിധിയോടെയുള്ളതാണ്. തെളിവുകളെ അടിസ്ഥാനമാക്കി സത്യത്തിനു വേണ്ടി നിലകൊള്ളുക എന്നതാണ് മാധ്യമ ധർമം. ഭീകര വേട്ടയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ സ്വീകരിച്ചിരിക്കുന്ന നിലപാട് തീർത്തും നിരുത്തരവാദപരമാണ്.'

ഈ കുറിപ്പു തയാറാക്കുന്നതുവരെയും പിടികൂടിയ 3 പേരും പോലീസ് കസ്റ്റഡിയിലാണ്. 90 ദിവസത്തിനകം കുറ്റപത്രം കോടതിയിൽ സമർപ്പിക്കണം എന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ഇത്തരം കേസുകളിൽ മുൻ അനുഭവം വെച്ച് നോക്കുമ്പോൾ അത് പാലിക്കപ്പെടും എന്ന് വിശ്വസിക്കാൻ ന്യായമില്ല. ഒരു പക്ഷേ, പോലീസ് കസ്റ്റഡി അനന്തമായി നീണ്ട് പോയേക്കാം. ഒരു 'ഏറ്റുമുട്ടൽ' കൊലപാതകവും നടന്നേക്കാം. അതുവരെയും 'മാധ്യമ മാഫിയ' പുതിയ കഥകൾ മെനഞ്ഞുണ്ടാക്കിയും തിരക്കഥയിൽ മാറ്റം വരുത്തിയും തിമിർത്താടികൊണ്ടേയിരിക്കും. ■